കെൽട്രോൺ പുനരുദ്ധാരണ പരിപാടികൾ

5 (3075) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രഖ്യാപിച്ച കെൽട്രോൺ പുനരുദ്ധാരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) കെൽട്രോണിന്റെ എത്ര യൂണിറ്റുകൾ ഇതിനകം പൂട്ടിയിട്ടുണ്ട്; എത്ര തൊഴിലാളികളെ സ്വയംപിരിഞ്ഞു പോകൽ പദ്ധതിയിലൂടെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ബാങ്കുകളുമായുള്ള ചർച്ചകൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ കമ്പനിയുടെ നടത്തിപ്പിലേക്കായി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡിൽനിന്നും താൽക്കാലിക പ്രവർത്തനമൂലധനം കൊടുക്കുവാനുള്ള തീരുമാനമുണ്ടായിട്ടുണ്ട്.

(ബി) കെൽട്രോണിന്റെ ഒരു യൂണിറ്റും ഇതുവരെ പൂട്ടിയിട്ടില്ല. കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതിയിൽ ഏകദേശം 700-ൽ പരം ജീവനക്കാരെ സ്വയംപിരിഞ്ഞുപോകൽ പദ്ധതിയിലൂടെ ഒഴിവാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ടെക്നോപാർക്കുകൾ

6 (3076) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ടെക്നോപാർക്കുകളുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പാർക്കിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര കമ്പനികൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ടെക്നോപാർക്കുകളിൽ മൂലധന മുതൽമുടക്കിന് മുന്നോട്ടുവന്നിട്ടുള്ള വിവിധ കമ്പനികളുടെ പദ്ധതികൾക്ക് തുടക്കംകുറിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ടെക്നോപാർക്കുകൾ സ്ഥാപിക്കുന്നതിന് പ്രതീക്ഷിച്ച ചെലവ് എത്രയായിരുന്നു; ഇതിനകം എന്ത് തുക ചെലവഴിച്ചു; ടെക്നോപാർക്ക് പൂർണ്ണമായും സജ്ജീകരിച്ച് വരുമ്പോൾ ഇനിയും എന്ത് തുക ചെലവഴിയ്ക്കേണ്ടിവരുമെന്ന് കരുതുന്നു;

(എഫ്) സംസ്ഥാനത്ത് പുതിയതായി ടെക്നോപാർക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly